സിറ്റിസൺ അസ്സിസ്റ്റൻറ്
# തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്

(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന് )

ഉപജില്ലാ അദാലത്ത് സിറ്റിംഗ് തിയ്യതി 11-12-23ന് 2 പി എംന്

**മിനുട്സ്**

ഹാജർ :

1- ഖാലിദ് പി കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
2- റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം
3- അജയകുമാർ എം എസ്, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം
4- സന്തോഷ് കുമാർ, സെക്രട്ടറി, എടപ്പാൾ ഗ്രാമ പഞ്ചായത്ത്
5- പ്രദീപ്, സെക്രട്ടറി, ആതവനാട് ഗ്രാമപഞ്ചായത്ത്
6- രാജേഷ്, അസി. സെക്രട്ടറി, തവനൂർ ഗ്രാമ പഞ്ചായത്ത്
7- ഷാജിമോൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്
8- സൈദാലിക്കുട്ടി ഹാജി, ആതവനാട് ഗ്രാമ പഞ്ചായത്ത്
9- പ്രവീഷ്, എടപ്പാൾ ഗ്രാമ പഞ്ചായത്ത്
10- മുഹമ്മദ് ഹനീഫ, രാരംകണ്ടത്ത്, തവനൂർ ഗ്രാമപഞ്ചായത്ത്
11- അബൂബക്കർ, രാരംകണ്ടത്ത്, തവനൂർ ഗ്രാമപഞ്ചായത്ത്

അദാലത്തിൽ പരിഗണിച്ച അപേക്ഷകളുടെ/പരാതികളുടെ വിവരം

| Sl No. | Doc. No: | Service Type | Local body | Applicant | Phone | ILGMS Receipt No./ Complaint copy |
|---|---|---|---|---|---|---|
| 1 | BPMPM 20953000002 | Building Permit | Irimbiliyam | Arshadali and Fousiya | 9496047015 | 400892/BPRL01/ GPO/2023/6573 |
| 2 | BPMPM 20988000001 | Building Permit | Edappal | Praveesh P R | 8606350694 | See attached complaint |
| 3 | BPMPM 20951000006 | Building Permit | Athavanad | Saidalikutty Haji | 123456789 | See attached complaint |
| 4 | BPMPM 20986000001 | Building Permit | Tavanur | ABOOBAKER | 9895507356 | See attached complaint |
| 5 | BPMPM 20986000002 | Building Permit | Tavanur | Jafar | 8281514127 | See attached complaint |
| | | | | | | |

അദാലത്ത് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വെച്ച് 2 പിഎംന് നടത്തി. ഡെപ്യൂട്ടി ടൌൺ പ്ലാനർ ശ്രുമതി. റെനി ജില്ലാ ടൌൺ പ്ലാൻ ഓഫീസിൽനിന്നും അദാലത്ത് കൺവീനറും ഇന്റേണൽ വിജിലൻസ് ഓഫീസറുമായ ശ്രീ. ഖാലിദ് പി കെ, അദാലത്ത് മെമ്പറും കുറ്റിപ്പുറം ബ്ലോക്ക് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ (adl charge) ശ്രീ. അജയകുമാർ, ആതവനാട്,

എടപ്പാൾ, തവനൂർ, ഇരിമ്പിളിയം ജി പികളിലെ സെക്രട്ടറിമാരും ആതവനാട് നിന്നും ശ്രീ. സൈദാലിക്കുട്ടി ഹാജി, എടപ്പാളിൽനിന്നും ശ്രീ. പ്രവീഷ്, തവനൂരിൽനിന്നും ശ്രീ. അബൂബക്കർ, മുഹമ്മദ് ഹനീഫ രാരംകണ്ടത്ത് എന്നിവരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു. ഇരിമ്പിളിയം ഒഴികെയുള്ള ജി പികളിൽനിന്നും പരിഗണിച്ച പരാതികൾ നവകേരള സദസ്സിൽ/സർക്കാരിൽ നേരിട്ട് ലഭിച്ചവയാണ്.

**തീരുമാനങ്ങൾ :**

**<u>പരാതി 1.</u>**

**ഇരിമ്പിളിയം ജി പി**

അർഷാദലി-ഫൌസിയ, ചീനിക്കപ്പറമ്പിൽ വീട്, ഇരിമ്പിളിയം എന്നവർ 40.61 ച. മീറ്റർ വിസ്തൃതിയിൽ വീട് വെക്കുന്നതിന് 18-11-23ന് നൽകിയ അപേക്ഷ പ്രകാരം അന്വേഷണം പൂർത്തീകരിച്ച് 285 രൂപ പെർമിറ്റ് ഫീസ് അടവാക്കുന്നതിന് അപേക്ഷകന് 22-11-23ന് കത്ത് നൽകിയതിന് ശേഷം സർക്കാരിൽനിന്നുള്ള ഒരു കത്ത് റഫർ ചെയ്ത് കൊണ്ട് പെർമിറ്റ് നൽകാതിരിക്കുകയാണ് എന്നാണ് പരാതിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സർവ്വെ 259/2-5 നമ്പറിൽ പെട്ട 2.03 ആർസ് ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട 1883ൽ നികത്തിയ ഗാർഡൻ ലാന്റ് ആണെന്നും ഇത്തരം ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകാൻ കഴിയില്ലെന്ന് സർക്കാർ 5-9-23ന് പഞ്ചായത്ത് പ്രസിഡണ്ടിന് നൽകിയ കത്തിൽ പറഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ആർ ഡി ഒ യുടെ സ്പഷ്ടീകരണം ആവശ്യമാണെന്നുമാണ് 24-11-23ന് സെക്രട്ടറിയുടെ നോട്ട് ഫയലിൽ കാണുന്നത്. അപേക്ഷകനിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ടെന്നും ആർ ഡി ഒയുടെ ഉത്തരവ് ന് കത്ത് അയച്ചതിനാൽ ആയത് കിട്ടുന്ന മുറക്ക് പെർമിറ്റ് നൽകുന്നതാണെന്നും സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന അസി. സെക്രട്ടറി അറിയിച്ചു. കൂടാതെ സമാന സ്വഭാവമുള്ള ലൈഫ് ഭവന പദ്ധതി ഉൾപ്പെടെയുള്ള വരുടെ അപേക്ഷൾ ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു.

വില്ലേജ് രേഖ പ്രകാരം നിലമായി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ സ്ഥലവും മലപ്പുറം ജില്ലയിലെ ചില പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുകയും തരം മാറ്റപ്പെട്ട വർഷം റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ 2008ന് മുമ്പ് നികത്തപ്പെട്ട ഭൂമിയും ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുണ്ട്. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ ഡാറ്റാ ബാങ്കും ഈ രീതിയിലാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. പെരിന്തൽമണ്ണ സബ് കലക്ടറുടെ 20-9-20ലെ No.RDOPTM/1858/2020-M1 നമ്പർ കത്ത് പ്രകാരവും തിരൂർ സബ് കലക്ടർ 21-3-23ന് മംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ എഫ്1-314/2023 നമ്പർ കത്ത് പ്രകാരവും ഡാറ്റാ ബാങ്കിൽ തെറ്റായി ഉപ്പെട്ടിട്ടുള്ളതും നികത്തപ്പെട്ടത് എന്ന് കാണിച്ചിട്ടുള്ളതുമായ ഭൂമികളെ അൺനോട്ടിഫൈഡ് ലാന്റായി പരിഗണിച്ച് 4.04 ആർസ് ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നതിന് കേരള നെൽവയൽ-തണ്ണീർ തട സംരക്ഷണ (ഭേദഗതി )നിയമം 2018 വകുപ്പ് 27എ (6) പ്രകാരം സെക്രട്ടറിക്ക് നേരിട്ട് നിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. അർഷാദലി, ഫൌസിയ, ചീനിപ്പറമ്പിൽ വീട്, ഇരിമ്പിളിയം എന്നരുടെ അപേക്ഷ, മേൽ പ്രസ്താവിച്ച പെരിന്തൽമണ്ണ, തിരൂർ സബ്-കലക്ടർമാരുടെ കത്തുകളുടെ അടിസ്ഥാനത്തിലും കേരള നെൽവയൽ-തണ്ണീർ തട സംരക്ഷണ (ഭേദഗതി) നിയമം 2018 വകുപ്പ് 27A(6) പ്രകാരം പരിഗണിച്ച് പെർമിറ്റ് നൽകുന്നതിന് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. പെർമിററ് നൽകിയ വിവരം അടുത്ത അദാലത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടാതാണ്. സമാന സ്വഭാവമുള്ള അപേക്ഷകൾ തീർപ്പാത്താതെ ഉണ്ടെങ്കിൽ ആയവയും തീർപ്പാക്കേണ്ടതാണ് എന്നും സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**<u>പരാതി 2</u>**

**എടപ്പാൾ ഗ്രാമ പഞ്ചായത്ത്**

പ്രവീഷ് പി ആർ s/o രാഘവൻ, ആശാരിപ്പുരക്കൽ വീട് പെരുമ്പറമ്പ്, എടപ്പാൾ എന്നവർ കരുതലും കൈത്താങ്ങവും താലൂക്ക് അദാലത്തിൽ സമർപ്പിച്ച പരാതി പ്രിൻസിൽ ഡയറക്ടർ ഓഫീസിൽനിന്നും അച്ചത് നൽകിയിട്ടുള്ളതാണ്. എടപ്പാൾ പഞ്ചായത്തിൽ വാഡ് 7ൽ 75/6-16 സർവ്വെ നമ്പറിൽപെട്ട 3 സെന്റ് ഭൂമിയിൽ 51.23ന് M2 വിസ്തൃതിയിൽ നിർമ്മിച്ച വീടിന് നമ്പർ ലഭിക്കാത്തതിനാൽ റേഷൻ കാർഡ് അടക്കമുള്ള രേഖകൾ ഉണ്ടാക്കുന്നതിന് കഴിയുന്നില്ലെന്നും

മറ്റുമാണ് പരാതി. പഞ്ചായത്ത് ഓവർസീയർമാരുടെ സഹായത്തോടെ പ്രസ്തുത നിർമ്മാണം പരിശോധിക്കുകയുണ്ടായി. നിർമ്മാണം പൂർത്തീകരിച്ച് താമസം തുടങ്ങിയ വീടാണ്. വൈദ്യുതിയും ലഭ്യമായിട്ടുണ്ട്. എന്നാൽ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ച് അപേക്ഷ നൽകിയ സാഹചര്യത്തിലാണ് വീടിന് വടക്ക് ഭാഗത്ത് റോഡിൽ നിന്നും നിർബന്ധമായും വിടേണ്ട അകലം 2 മീറ്റർ എന്നതിന് പകരം 1.45 മീറ്റർ മാത്രമാണ് വിട്ടിട്ടുള്ളത് എന്ന് പഞ്ചായത്തിൽ നിന്നും പരിശോധിച്ചതിൽനിന്നും സമർപ്പിക്കപ്പെട്ട പ്ലാനിൽ നിന്നും ബോധ്യപ്പെട്ടത്. അതിനാലാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാത്ത് എന്ന് സെക്രട്ടറി അറിയിച്ചു. മറ്റു നിർവ്വാഹമില്ലാത്തതിനാലാണ് 3 സെന്റ് സ്ഥലത്ത് വീട് നിർമ്മിക്കേണ്ടി വന്നതെന്നും പരാതിക്കാരനും അറിയിച്ചു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 26(3) പ്രകാരം പൊതു വഴിയോട് ചേർന്ന് അതിരിൽനിന്നും ചുരുങ്ങിയത് 2 മീറ്റർ വിടേണ്ടതാണ്. കെട്ടിന നിർമ്മാണ ചട്ടങ്ങൾ 2019 , ചട്ടം 3(5) പ്രകാരം സർക്കാരിൽനിന്നും ഇളവിന് അപേക്ഷ സമർപ്പിക്കുന്നതിന് ചട്ടം 26(3) തടസ്സമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ചട്ടം പാലിക്കുന്നതിന് പൂർത്തീകരിച്ച് താമസം ആരംഭിച്ച ഒരു വീടിന്റെ ഭാഗം പൊളിച്ച് മാറ്റുന്നത് വീടിന്റെ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമാണെന്നും വിലയിരുത്തി. ആയതിനാൽ ചട്ടം 26(3)ന് ഇളവ് ലഭിക്കുന്നതിന് സർക്കാരിലേക്ക് പ്രത്യേക ശുപാർശ ചെയ്യുന്നതിന് പ്രവിഷിന്റെ പരാതി ജില്ലാ തല അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

കൂടാതെ സ്ഥിരമായ കെട്ടിട നമ്പർ ലഭിക്കുന്നത് വരെ പരാതിയിൽ ആവശ്യപ്പെട്ടത് പ്രകാരം റേഷൻ കാർഡ് ആവശ്യത്തിന് കെട്ടിടത്തിന് താല്കാലിക യു എ നമ്പർ അനുവദിച്ച് താമസ സാക്ഷ്യപത്രം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് ശ്രീ. പ്രവീഷിനോട് നിർദ്ദേശിക്കുന്നതിനും പ്രസ്തുത അപേക്ഷ ലഭിക്കുന്ന മുറക്ക് താല്കാലിക യു എ നമ്പർ അനുവദിച്ച് റേഷൻ കാർഡ് ആവശ്യാർത്ഥം റെസിഡെൻഷ്യൽ സർട്ടിഫിക്കേറ്റ് നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

**<u>പരാതി 3</u>**

**ആതവനാട് ജി പി**

ശ്രീ. സൈദാലിക്കുട്ടി ഹാജി ഒറുവിൽ എന്നവർ പുത്തനത്താണി അങ്ങാടിയിൽ നിർമ്മിച്ച ബഹുനില വാണിജ്യ കെട്ടിടത്തിന് പഞ്ചായത്തിൽനിന്നും നമ്പർ അനുവദിക്കാത്തതിനെതിരെ സർക്കാരിൽ സമർപ്പിച്ച പരാതി അദാലത്തിൽ പരിഗണിക്കുന്നതിന് അയച്ച് നൽകിയിരിക്കുകയാണ്. പരാതിക്ക് ഇടയാക്കിയ കാര്യങ്ങളും തുടർന്ന് സ്വീകരിച്ച് നടപടികളും ശ്രീ. സൈദാലിക്കുട്ടി ഹാജി വിശദീകരിച്ചു. 3-12-23 ന് ഓൺലൈനായും 4-12-23ന് പഞ്ചായത്തിൽ നേരിട്ടും അപാകതകൾ എല്ലാം പരിഹരിച്ച് പുനസമർപ്പിച്ച ക്രമവൽക്കരണ അപേക്ഷയിൽ സെക്രട്ടറി നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും ശ്രീ. സൈതാലിക്കുട്ടി ഹാജി അറിയിച്ചു. ബന്ധപ്പെട്ട സീറ്റിലെ ജീവനക്കാരൻ ലീവിൽ ആയതിനാലും കൽപ്പകഞ്ചേരി പഞ്ചായത്ത് അസി. എഞ്ചിനീയർക്കാണ് പഞ്ചായത്തിന്റെ അധിക ചുമതലയുള്ളത് എന്നും അവർ ബുധനാഴ്ചയും ശനിയാഴ്ചയുമാണ് ആതവനാട് പഞ്ചായത്തിൽ വരുന്നത് ആയതിനാലാണ് ഫയൽ എ ഇ ക്ക് കൈമാറാൻ വൈകിയതെന്നും ഇന്ന് തന്നെ ഫയൽ കൈമാറാൻ നിർദ്ദേശം നൽകുന്നതാണെന്നും സെക്രട്ടറി ബോധിപ്പിച്ചു. സെക്രട്ടറിയുടെയും അപേക്ഷകന്റെയും വിശദീകരിണത്തിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് പുനസമർപ്പിക്കപ്പെട്ട അപേക്ഷ ഉടൻ അസി. എഞ്ചിനീയർക്ക് നൽകുന്നതിനും അടുത്ത ബുധനാഴ്ച അപേക്ഷകന്റെ സാനിധ്യത്തിൽ സൈറ്റ് പരിശോധിക്കുന്നതിന് അസി. എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിനും അപേക്ഷ സമയബന്ധിതായി തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വർക്കും നിർദ്ദേശം നൽകിയും തീരുമാനിച്ചു. 18-12-23ന് നടക്കുന്ന അദാലത്തിൽ ഈ ഫയലിലെ നടപടി പുരോഗതി സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരാതി 4**

**തവനൂർ ഗ്രാമ പഞ്ചായത്ത്**

തവനൂർ പഞ്ചായത്തിലെ രാരംകണ്ടത്ത് കുഞ്ഞിമുഹമ്മദ് ഹാജി മക്കൾ അബൂബക്കർ, മുഹമ്മദ് ഹനീഫ, മുഹമ്മദ് ഹനീഫയുടെ ഭാര്യ സീനത്ത് ബീഗം എന്നിവർ ബഹു. കേരള നിയമസഭ മുൻ സ്പീക്കർ ശ്രീരാമകൃഷൻ വഴി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് അയച്ച പരാതി അദാലത്തിൽ പരിഗണിക്കുന്നതിന് അയച്ച് നൽകിയതാണ് ഇത്. തവനൂർ വില്ലേജ്

തൃക്കണാപുരം ദേശത്ത് വാഡ് 9ൽ ഉൾപ്പെട്ടതും 3911/1995 നമ്പർ ആധാരപ്രകാരം ശ്രീ. മുഹമ്മദ് ഹനീഫക്ക് അവകാശപ്പെട്ട സർവ്വെ നം. 503/1 ൽ പെട്ട 39 സെന്റ് സ്ഥലത്ത് നിർമ്മിച്ച ഷെഡ്ഡിന് നമ്പർ ലഭിക്കുന്നതിന് തവനൂർ പഞ്ചായത്തിൽ 20-7-2021ന് സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി തീരുമാനമെടുക്കാതിരുക്കുകയും അവരുടെ സഹോദരൻ ശ്രീ. ജൌഹർഅലി എന്നയാൾ നൽകിയ പരാതിയെ തുടർന്ന് തീരുമാനം നീട്ടികൊണ്ട് പോവുകയും അവസാനം ഷെഡ്ഡിന് നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ സെക്രട്ടറി നിരസിക്കുകയും ചെയ്തു എന്നും ഇനിൽമേലുള്ള അപ്പീൽ പഞ്ചായത്ത് കമ്മറ്റി നിരസിക്കുയും ചെയ്തു എന്നും ആയതിനാൽ ശ്രീ. മുഹമ്മദ് ഹനീഫയുടെയും ഭാര്യ സീനത്ത് ബീവിയുടെയും ഓട്ടിസം ബാധിച്ച മകന് പാർപ്പിട സൌകര്യവും ജീവിത മാർഗ്ഗവും ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച ഷെഡ്ഡിന് തവനൂർ ഗ്രാമ പഞ്ചായത്തിൽനിന്നും നമ്പർ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് പരാതിയിൽ പ്രധാനമായും ബോധിപ്പിച്ചിട്ടുള്ളത്. 20-7-21ന് പഞ്ചായത്തിൽ കെട്ടിട നമ്പറിന് 2019ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടും സെക്രട്ടറി നിരുത്തരവാദ പരമായും പക്ഷപാതപരമായും പെരുമാറുകയും മേലാഫീസുകളിൽ നിന്നും നിർദ്ദേശിച്ചിട്ടും നിയമ ഉപദേശങ്ങൾ ലഭിച്ചിട്ടും അത് സ്വീകരിക്കാതെ സഹോദരൻ ജൌഹറിന്റെ പരാതിയും മറ്റും ചൂണ്ടി കാണിച്ച് അപേക്ഷയിൽ നടപടി സ്വീകരിക്കുന്നത് മനപ്പൂർവ്വം വൈകിപ്പിക്കുകയും അവസാനം 29-7-23ന് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പാണ് സെക്രട്ടറി നൽകിയതെന്നും ശ്രീ. മുഹമ്മദ് ഹനീഫയും അബൂബക്കറും അദാലത്തിൽ അറിയിച്ചു. 39 സെന്റ് സ്ഥലത്തിന് വില്ലേജിൽ വർഷങ്ങളായി മുഹമ്മദ് ഹനീഫയുടെ പേരിൽ നികുതി അടച്ച് വരുന്നതാണെന്നും അവർ അറിയിച്ചു.

തവനൂർ വില്ലേജ് സർവ്വേ 503/1ൽ നിർമിച്ചിട്ടുള്ള ഷെഡ് രാരം കണ്ടത്ത് മുഹമ്മദ് ഹനീഫയുടെ മാത്രം ഉടമസ്ഥതയിലുള്ള ഭൂമിയിലാണോ (3911/1995 നമ്പർ ആധാര പ്രകാരം കിട്ടിയ 39 സെന്റ് ) അതോ മുഹമ്മദ് ഹനീഫയുടെയും സഹോദരങ്ങളായ ജൗഹർ അലി തുടങ്ങിയവരുടെയും കൂട്ടുടമസ്ഥത യിലുള്ള ഭൂമിയിലാണോ (1705/1987 നമ്പർ ആധാര പ്രകാരം കിട്ടിയത് ) എന്നത് വ്യക്തമാക്കാതെ നമ്പർ അനുവദിക്കാൻ കഴിയില്ല എന്ന് സെക്രട്ടറി അറിയിച്ചു. തവനൂർ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വില്ലേജ് അധികൃതരും താലൂക്ക് സർവ്വെയറും പഞ്ചായത്ത് അധികൃതരും 5-8-22ന് ഇരു കക്ഷികുടെയും സാനിധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിന് ശേഷം പൊന്നാനി താലൂക്ക് തഹസിൽദാർ 12-8-22ന് സെക്രട്ടറിക്ക് അയച്ച കത്തിൽ പറയുന്നത്, ടി സ്ഥലം തവനൂർ വില്ലേജ് തൃക്കണാപുരം അംശം ദേശത്ത് സർവ്വെ നം. 503-1ന്റെ ഭാഗമായി ഉൾപ്പെട്ട്കിടക്കുന്നതാണ് എന്നും ശ്രീ. അബൂബക്കർ ഹാജരാക്കിയിട്ടുള്ള എടപ്പാൾ സബ് രജിസ്ത്രാർ ഓഫീസിലെ 3911/1995 നമ്പർ ഇഷ്ടദാനാധാരത്തിലും എതിർ കക്ഷി ഹാജരാക്കിയിട്ടുള്ള1705/1987 നമ്പർ വെറുമ്പാട്ടവകാശ തീറാധാരത്തിലും സർവ്വെ നം. 503/1 എന്ന് തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ആധാരങ്ങളിൽ രേഖപ്പെടുത്തിട്ടുള്ള എലിഗകളുടെ അടിസ്ഥാനത്തിൽ ഇരു രേഖകളിലും പൊതുവായി എലികഗൾ ചേർത്തിട്ടുള്ള സാഹചര്യത്തിൽ നിർണ്ണയം നടത്തുന്നതിന് സാധ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട് എന്നും സമർപ്പിച്ച ആധാരങ്ങളുടെ നിയമ സാധുത പരിശോധിച്ച് മാത്രമെ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ അസി. സെക്രട്ടറി അറിയിച്ചു. ഗവൺമെന്റ് പ്ലീഡറോട് ആവശ്യപ്പെട്ടിരുന്നത് ഭൂമിയുടെ അവകാശത്തെ സംബന്ധിച്ച് നിയമോപദേശം നൽകാനായിരുന്നു. എന്നാൽ അതിന് പകരം മുഹമ്മദ് ഹനീഫയുടെ സഹോദരൻ അബൂബക്കറിന്റെ പേരിൽ കെട്ടിട നമ്പർ അനുവദിക്കാനാണ് നിയമോപദേശം നൽകിയത് ആയതിനാലാണ് അത് സ്വീകരിക്കാതിരുന്നതെന്നും സെക്രട്ടറിക്ക് വേണ്ടി ഹാജരായ അസി. സെക്രട്ടറി ബോധിപ്പിച്ചു.

പരാതിയിൽ പറയുന്ന ഷെഡ് അസി. സെക്രട്ടറിയുടെ സാനിധ്യത്തിൽ 8-12-23ന് നേരിൽ പരിശോധിക്കുകയുണ്ടായി. വില്ലേജ് ഓഫീസർ തയ്യാറാക്കി നൽകിയ ലോക്കേഷൻ സ്കെച്ചും ലൊക്കേഷൻ സർട്ടിഫിക്കേറ്റും വെച്ച് കുറ്റിപ്പുറം എം ഇ എസ് എഞ്ചിനീയറിംഗ് കോളേജിന് എതിർ വശത്ത് നിർമ്മിച്ച പരാതിയിൽ പറയുന്ന ഷെഡ്ഡ് നിൽക്കുന്ന ഭൂമിയുടെ അതിരുകൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് കഴിഞ്ഞിട്ടില്ല.

സെക്രട്ടറി അപേക്ഷ നിരസിച്ചതിനെ തുടർന്ന് ശ്രീ. അബൂബക്കർ പഞ്ചായത്ത് കമ്മറ്റിക്ക് അപ്പീൽ സമർപ്പിക്കുകയും സെക്രട്ടറി നിരസിച്ച നൽകിയ കത്തിൽ പറയുന്ന കാരണങ്ങൾ തന്നെ നിരത്തികൊണ്ട് പഞ്ചായത്ത് ഭരണസമിതി 22-8-23ലെ 5(1) നമ്പർ തീരുമാനത്തിലൂടെ അപ്പീൽ നിരസിക്കുകയാണുണ്ടാത് എന്ന് അസി. സെക്രട്ടറി അറിയിച്ചു. തുടർന്ന് ശ്രീ. മുഹമ്മദ്

ഹനീഫ സെക്രട്ടറിയുടെയും പഞ്ചായത്തിന്റെയും തീരുമാനത്തിനെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണലിൽ റിവിഷൻ പെറ്റീഷൻ (നം. 78–2023) സമർപ്പിച്ചിരിക്കുകയാണെന്ന് അസി. സെക്രട്ടറി അറിയിച്ചു. ട്രിബ്യൂണൽ അതിന്റെ 11–10–23ലെ ഇടക്കാല വിധിയിൽ സെക്രട്ടറിയുടെയും പഞ്ചായത്ത് കമ്മറ്റിയുടെയും തീരുമാനങ്ങൾ സ്റ്റേ ചെയ്യുകയും പഞ്ചായത്തിനും സെക്രട്ടറിക്കും നോട്ടീസ് അയക്കുകയും ചെയ്തിരിക്കുകയാണെന്നും അസി. സെക്രട്ടറി അറിയിച്ചു. പരാതിക്കാരെയും അസി. സെക്രട്ടറിയെയും കേട്ടതിൽനിന്നും പരാതിയിൽ പറയുന്ന വിഷയം നിലവിൽ ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുടെ ട്രിബ്യൂണൽ കോടതിയുടെ പരിഗണയിൽ ഇരിക്കുന്ന വിഷയമാണെന്നും ആയതിനാൽ അദാലത്തിൽ ഈ വിഷയത്തിൽ ഒരു തീരുമാനം എടുക്കുന്നത് കോടതി അലക്ഷ്യമായിരിക്കുമെന്ന് കണ്ട് കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായി താമസംവിന ഉചിത നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**<u>പരാതി 5</u>**

**തവനൂർ ഗ്രാമ പഞ്ചായത്ത്**

ശ്രീ. ജാഫർ, ആറുകണ്ടത്തിൽ, അയങ്കലം, തവനൂർ എന്നവർ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് 23–3–23ന് അയച്ച് നൽകിയ പരാതി അദാലത്തിൽ ഉൾപ്പെടുത്തുന്നതിന് അയച്ച് നൽകിയതാണ്. നൽകിയ ഫോൺ നമ്പറിൽ ബന്ധപ്പെട്ടെങ്കിലും പരാതിക്കാരൻ ഫോൺ എടുക്കാത്തിനാൽ പരാതിക്കാരനെ അദലത്ത് വിവരം അറിയിക്കുന്നതിനും ഓൺലൈൻ മീറ്റിംഗിൽ പങ്കെടുപ്പിക്കുന്നതിനും കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ പരാതി അടുത്ത അദാലത്തിലേക്ക് മാറ്റി വെക്കുന്നതിന് തീരുമാനിച്ചു.
അദാലത്ത് സിറ്റിംഗ് 3.30ന് അവസാനിപ്പിച്ചു.

മലപ്പുറം ഉപജില്ലാ സമിതി–2 ന് വേണ്ടി,
1.ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ്)
2.റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ്)
3.അജയകുമാർ എം എസ്, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം (ഒപ്പ്)

//ശരിപ്പകർപ്പ്//



ഖാലിദ് പി കെ,
ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ, സ്ഥിര അദാലത്ത് ഉപജില്ലാ സമിതി–2

പകർപ്പ് :–

1. സെക്രട്ടറി,

   എടപ്പാൾ, ആതവനാട്, ഇരിമ്പിളിയം, തവനൂർ ഗ്രാമ പഞ്ചായത്തുകൾ